പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5007. 24.07.2015 ന് മറുപടിയ്ക്ക്.

## ഓൺലൈൻ ഐ.റ്റി.ഐ പ്രവേശനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശശി : | ശ്രീ. ഷിബു ബേബിജോൺ (തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) ഐ.റ്റി.ഐ പ്രവേശനം ഓൺ ലൈൻ ആക്കുന്നതിനായി വ്യാവ സായിക പരിശീലന വകുപ്പ് സോഫ്റ്റ് വെയർ രൂപപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനായി എത്ര രൂപ ചെലവഴി ച്ചുവെന്നും എന്നാണ് ഈ സോഫ്റ്റ് വെയർ വാങ്ങിയതെന്നും എന്നു മുതൽ ഇത് ഉപയോഗിച്ചു തുടങ്ങിയെന്നും ഇപ്പോൾ ഇത് നിലവിലുണ്ടോയെന്നും വ്യക്തമാക്കുമോ ? | (എ) ഐ.റ്റി.ഐ പ്രവേശനം ഓൺ ലൈൻ ആക്കുന്നതിനായി മെ. കെൽട്രോൺ മുഖാന്തിരം സോഫ്റ്റ് വെയർ രൂപപ്പെടുത്തുന്നതിനുള്ള നടപടികൾ വ്യാവസായിക പരിശീലന വകുപ്പ് ആരംഭിച്ചിട്ടുണ്ട്. 2013 ഏപ്രിൽ മാസം ഇതിനുള്ള സോഫ്റ്റ് വെയർ ലൈസൻസ് വാങ്ങുകയും ആയത് കസ്റ്റമൈസ് ചെയ്യുന്നതിനുള്ള നടപടികൾ കെൽട്രോൺ തുടങ്ങുകയും ചെയ്തിട്ടുണ്ട്. ഇതിനുവേണ്ടി മെ.കെൽ ട്രോണുമായി 1,39,77,458/-രൂപയ്ക്കാണ് കരാറിൽ ഏർപ്പെട്ടിരുന്നതെങ്കിലും 1,26,07,518/-രൂപയാണ് വ്യാവ സായിക പരിശീലന വകുപ്പ് മെ.കെൽട്രോണിന് നൽകിയിട്ടുള്ളത്. 2015-ലെ അഡ്മിഷൻ മുതൽ ഈ സോഫ്റ്റ് വെയർ പ്രാവർത്തികമാക്കാനുള്ള നടപടികൾ ട്രെയിനിംഗ് ഡയറക്ടർ സ്വീകരിച്ചിരുന്നു. എന്നാൽ ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് & ട്രെയിനിംഗ് (ഡി.ജി.ഇ.റ്റി) രാജ്യമൊട്ടാകെ അവർ തയ്യാറാക്കിയിട്ടുള്ള എം.ഐ.എസ്. സോഫ്റ്റ് വെയറിലൂടെ പരിശീലനാർത്ഥികളുടെ പ്രവേശന നടപടികൾ നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം, എം.ഐ.എസ്. സോഫ്റ്റ് വെയറിൽ ഐ.ടി.ഐ. പരിശീലനാർത്ഥികളുടെ വിവരങ്ങൾ നൽകുന്നതോടൊപ്പം തന്നെ വ്യാവസായിക പരിശീലന വകുപ്പ് തയ്യാർ ചെയ്തിട്ടുള്ള സോഫ്റ്റ് വെയറിലും പരിശീലനാർത്ഥികളുടെ വിവരങ്ങൾ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു എന്ന് ട്രെയിനിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ